## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട 13.07.2015-ൽ മറുപടിക്ക്
ചോദ്യം നം. 321

### റിംഗ്സിൻ വല ഉപയോഗിച്ചുള്ള മത്സ്യബന്ധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.കെ.ശശീന്ദ്രൻ<br>ശ്രീ.തോമസ് ചാണ്ടി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | റിംഗ്സിൻ വല (താങ്ങുവല) ഉപയോഗിച്ച് കടലിലെ പൊടി മീനടക്കം കോരിയെടുത്ത് മത്സ്യ സമ്പത്തിന് വൻ ഭീഷണി ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളി കൾ ഒഴുക്കുവല ഉപയോഗിക്കുമ്പോൾ 500 കുതിരശക്തിയുള്ള എഞ്ചിൻ ഘടിപ്പിച്ച വള്ളങ്ങളിലുള്ള തൊഴി ലാളികൾ അടക്കം കൊല്ലിവലകൾ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യ ത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | താങ്ങുവള്ളത്തിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾ താങ്ങുവലയാണ് ഉപയോഗിക്കുന്നത്. KMFR Act പ്രകാരം പ്രസ്തുത വലകൾ നിരോധിച്ചിട്ടില്ല. |
| (സി) | റിംഗ്സിൻ വല കോരിയെടുക്കുന്ന വയിൽ ആവശ്യമില്ലാത്തത് കടലിൽ തള്ളുന്നതിനാൽ, ചത്ത മീൻ തിന്നാനെത്തുന്ന കടൽമാക്രി, വല കടിച്ചുമുറിക്കുന്നതിനാൽ പരമ്പ രാഗത മത്സ്യത്തൊഴിലാളികളുടെ വല നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്തു പരിഹാരമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) | കടൽമാക്രി വല കടിച്ചു നശിപ്പിക്കുന്നതായി പരാതി ലഭിക്കുകയും ഇതനുസരിച്ച് വല നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി 22.06.11 ലെ 65/11/മതുവ. നം. സർക്കാർ ഉത്തരവ് പ്രകാരം 10 ലക്ഷം രൂപ അനുവദിക്കുകയും അതിൻപ്രകാരം 4,99,686/ രൂപ് വല നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്കു വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

Jayasree
സെക്ഷൻ ഓഫീസർ